# <u>കുവൈത്ത് പ്രധാനമന്ത്രി ആദരണീയനായ ഷെയ്ഖ് ജാബര് അല് മുബാറക് അല് ഹമദ് അല് സബയുടെ ഔദ്യോഗിക ഇന്ത്യാ സന്ദര്ശനം</u>

ഒക്ടോബര് 31, 2013

1. കുവൈത്ത് പ്രധാനമന്ത്രി ആദരണീയനായ ഷെയ്ഖ് ജാബര് അല് മുബാറക് അല് ഹമദ് അല് സബ ( HH Sheikh Jaber Al-Mubarak Al-Hamad Al-Sabah) ഔദ്യോഗികമായി ഇന്ത്യ സന്ദര്ശിക്കുന്നു . പ്രധാനമന്ത്രി ഡോ. മന് മോഹന്സിംഗിന്റെ ക്ഷണപ്രകാരമാണ് സന്ദര്ശനം. നവംബര് ഏഴു മുതല് പത്തു വരെ (നവംബര് 7-10 2013) ആണ് സന്ദര്ശനം . മന്ത്രിമാര് , ഉന്നത ഉദ്യോഗസ്ഥര് , വ്യവസായ പ്രമുഖര് തുടങ്ങിയവര് അടങ്ങുന്ന ഉന്നതതല സംഘവും അദേഹത്തോടൊപ്പം ഇന്ത്യയില് എത്തും.

2. രണ്ടായിരത്തി മൂന്നില് കിരീടാവകാശിയായ രാജകുമാരനില് നിന്നും പ്രധാനമന്ത്രി പദം വിഭജിച്ചതിന് ശേഷം ഇതാദ്യമായാണ് കുവൈറ്റില് നിന്നും ഭരണാധികാര തലവന്റെ തലത്തില് ഇന്ത്യയിലേക്ക് ഒരു ഔദ്യോഗിക സന്ദര്ശനം. .നമ്മുടെ ഭാഗത്ത് നിന്നും കുവൈത്തിലേക്ക് ഭരണാധികാര തലവന്റെ തലത്തിലുള്ള ഒരു സന്ദര്ശനം നടക്കുന്നതു ആയിരത്തി തൊള്ളായിരത്തി എണ്പത്തി ഒന്നില് (1981) ആയിരുന്നു. അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി കുവൈത്ത് സന്ദര്ശിച്ചപ്പോള് ആയിരുന്നു അത് .

3. സന്ദര്ശനത്തിന്റെ ഭാഗമായി പ്രധാനമന്ത്രി ഷെയ്ഖ് ജാബര് രാഷ്ട്രപതി ശ്രീ പ്രണബ് മുഖര്ജിയുമായും ഉപ രാഷ്ട്രപതി ശ്രീ ഹമീദ് അന്സാരിയുമായും കൂടിക്കാഴ്ചകള് നടത്തും. പ്രധാനമന്ത്രി ഡോ. മന് മോഹന് സിംഗുമായി അദ്ദേഹം ഉഭയകക്ഷി ചര്ച്ചകള് നടത്തും. ധനകാര്യ, വിദേശകാര്യ , വ്യാപാര & വ്യവസായ മന്ത്രിമാരായിട്ടുള്ള ചര്ച്ചകള് അദേഹത്തിന്റെ സന്ദര്ശനത്തിന്റെ ഭാഗമായിട്ടുണ്ട് . ഫിക്കി , സിഐഐ , അസോചം എന്നീ ബിസിനസ് ചേംബറുകള് സംയുക്തമായി ഒരുക്കുന്ന ഔപചാരികമായ ഉച്ചഭക്ഷണ ബിസിനസ് സമ്മേളനത്തില് അദ്ദേഹം പങ്കെടുക്കും . പ്രധാനമന്ത്രി ഷെയ്ഖ് ജാബറും അദേഹത്തിന്റെ പ്രതിനിധി സംഘവും ആഗ്ര സന്ദര്ശിക്കും

4. ജനങ്ങള് തമ്മിലുള്ള വളരെ അടുപ്പമുള്ള ബന്ധം വഴി ഉണ്ടാക്കപ്പെട്ട വളരെ ആഴമുള്ള സൌഹൃദം ഇന്ത്യയും കുവൈത്തും പണ്ട് മുതലേ കാത്തു സൂക്ഷിച്ചു വരുന്നു.. ഭൂമിശാസ്ത്രപരമായ അടുപ്പം, ചരിത്രകാലം മുതലേ ഉള്ള വ്യാപാര ബന്ധങ്ങള് , സാംസ്കാരിക സാമ്യം, മറ്റു പലതിന്റേയും കൂട്ടത്തില് ഊര്ജ സുരക്ഷ , വ്യാപാരവും നിക്ഷേപവും പെട്രോകെമിക്കല്സ് , അടിസ്ഥാന സൌകര്യ വികസന പദ്ധതികള് , വിദ്യാഭ്യാസം തുടങ്ങിയ പരസ്പരം ഇഷ്ടമുള്ള പ്രധാനപ്പെട്ട മേഖലകളില് ഉണ്ടാകുന്ന പുരോഗമിക്കുന്ന സഹകരണം എന്നിവ ഈ ബന്ധം

വികസിക്കുവാനും നാള്ക്കുനാള് ശക്തിപ്പെടാനും മുന്നോട്ട്
കൊണ്ടുപോകുവാനും  സഹായിക്കുന്നു .

5.	ഇരു രാജ്യങ്ങളും ഇരു വശത്തുമുള്ള പ്രധാന വ്യാപാര പങ്കാളികള് ആണ്.  ആഗോളതലത്തില് ഇന്ത്യയുടെ നാലാമത്തെ വലിയ ക്രൂഡ് ഓയില് ദാതാക്കള് ആണ് കുവൈത്ത് . രണ്ടായിരത്തി പന്ത്രണ്ട് - പതിമൂന്നു വര്ഷങ്ങളില് ഉഭയകക്ഷി വ്യാപാരം പതിനേഴ് ബില്യണ് അമേരിക്കന് ഡോളര് കവിഞ്ഞിരുന്നു .. ഇരു രാജ്യങ്ങളും ഊര്ജം, മറ്റ് മേഖലകള്, എണ്ണ പര്യവേക്ഷണം, റിഫൈനറികള്, പെട്രോകെമിക്കല് കോംപ്ലക്സുകള് , വളനിര്മാണ പ്ലാന്റുകള് ഉള്പ്പെടെയുള്ള പദ്ധതികളില്  പരസ്പരം പ്രയോജനകരമായ നിക്ഷേപങ്ങള് നടത്തുകയും അതുവഴി ശക്തമായ സഹകരണം ഉണ്ടാകുവാന് ശ്രമിക്കുകയും ചെയ്യുന്നുണ്ട്.

6.	കുവൈറ്റിലെ പ്രവാസി സമൂഹത്തില് ഏറ്റവും അധികം വരുന്നത് ഇന്ത്യക്കാരാണ്. ആതിഥേയ രാജ്യത്തിനായി അവര് നല്കുന്ന പുരോഗതിയ്ക്കും വികസനങ്ങള്ക്കും  ഇന്ത്യക്കാര് നല്കുന്ന സംഭാവനകള് മതിപ്പുളവാക്കുന്നതാണ് . കുവൈറ്റില് ഏഴു ലക്ഷത്തില് (700,000 )അധികം ഇന്ത്യക്കാര് ജോലി ചെയ്യുന്നുണ്ട് .

**ന്യൂഡെല്ഹി**
**ഒക്ടോബര് 31, 2013**